## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. T 4488 — 22.07.2015-ൽ മറുപടിയ്ക്ക്

### മോട്ടോർ സൈക്കിൾ അപകടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം.പാലിശ്ശേരി | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) 2014-ൽ 18 വയസ്സിനു താഴെയുള്ള കുട്ടികൾ മോട്ടോർ സൈക്കിൾ ഓടിച്ചുണ്ടായ എത്ര വാഹന അപകടങ്ങൾ ഉണ്ടായിട്ടുണ്ട്; | (എ) 143 വാഹന അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. |
| (ബി) ഈ അപകടങ്ങളിൽ എത്രപേർ മരണപ്പെട്ടിട്ടുണ്ട് ; എത്രപേർക്ക് മാരകമായി പരിക്കു പറ്റിയിട്ടുണ്ട് ; | (ബി) 36 പേർ മരണപ്പെടുകയും 97 പേർക്ക് മാരകമായി പരിക്കു പറ്റുകയുമുണ്ടായിട്ടുണ്ട്. |
| (സി) സംസ്ഥാനത്തെ ഹയർ സെക്കന്ററി തലം വരെയുള്ള സ്ക്കൂളുകളിൽ മോട്ടോർ പോലീസ് വകുപ്പ്, വാഹന വകുപ്പ് എന്നിവരുടെ നേതൃത്വത്തിൽ വാഹന അപകടങ്ങളെയും ട്രാഫിക് നിയമങ്ങളെയും അപകടങ്ങളിലെ ജീവഹാനിയെയും കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ? | (സി) നടപടി സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ ഹയർ സെക്കന്ററി തലം വരെയുള്ള സ്കൂളുകളിൽ പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നിവരുടെ നേതൃത്വത്തിൽ വാഹനാപകടങ്ങളെയും ട്രാഫിക് നിയമങ്ങളെയും അനുസരിക്കേണ്ട ആവശ്യകതയെപ്പറ്റിയും, ട്രാഫിക് ഇലക്ട്രോണിക് പാർക്ക്, സി.ഡി പ്രദർശനം, മാജിക്, ലഘു നാടകം എന്നിവ ഉൾപ്പെടുന്ന ബോധവത്കരണ ക്ലാസ്സുകൾ, സ്ക്കൂൾ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ, കാൽനട യാത്രക്കാർ പാലിക്കേണ്ട നിയമങ്ങൾ, നിയമ വിരുദ്ധമായി |

ലൈസൻസില്ലാതെ വാഹനം ഓടിക്കുന്നതുമൂലമുള്ള അപകടങ്ങളെക്കുറിച്ചും ഇതു മൂലമുണ്ടാകുന്ന നിയമ പ്രശ്നങ്ങളെക്കുറിച്ചും അവരെ പറഞ്ഞ് മനസ്സിലാക്കുകയും ചെയ്യുന്നു. സ്ക്കൂളുകൾ തോറും രൂപീകരിച്ചിട്ടുള്ള റോഡ് സേഫ്റ്റി ക്ലബ്ബുകൾ, സ്റ്റുഡൻസ് പോലീസ് കേഡറ്റ് യൂണിറ്റുകൾ, എൻ.സി.സി, എൻ.എസ്.എസ്, സ്കൗട്ട് തുടങ്ങിയവയുടെ നേതൃത്വത്തിൽ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ്, സന്നദ്ധ സംഘടനകൾ, ഹൈവേ ജാഗ്രത സമിതികൾ തുടങ്ങിയവയുമായി കൂടി ചേർന്ന് എല്ലാ പോലീസ് സ്റ്റേഷൻ പരിധിയിലുമുള്ള സ്കൂളുകളിൽ ട്രാഫിക് ബോധവൽക്കരണ ക്ളാസ്സുകളും, ട്രാഫിക് ക്വിസ്സ് മത്സരങ്ങളും സംഘടിപ്പിച്ചു വരുന്നു. ഇതിനു പുറമേ, സംസ്ഥാന സർക്കാരും പോലീസ് വകുപ്പും കൂടി ചേർന്ന് നടത്തുന്ന 'ശുഭയാത്ര 2015' എന്ന പദ്ധതിയിൽപ്പെടുത്തി ബോധവൽക്കരണ ക്ലാസ്സുകളും സ്ക്കൂളുകളിൽ നടത്തി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ